# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.01/PR/PIC/PHQ/18 Date : 01.01.2018

---

**203 സ്റ്റേഷനുകളിൽ ഇനി ഇൻസ്പെക്ടർമാർ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ**

ഇൻസ്പെക്ടർ റാങ്കിലുള്ള മുതിർന്ന ഉദ്യോഗസ്ഥർ സംസ്ഥാനത്തെ 196 ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി ചുമതലയേറ്റു. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ നടന്നു. സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറയുടെ സാന്നിധ്യത്തിൽ മെഡിക്കൽ കോളേജ് എസ് എച്ച് ഒ ആയി ഇൻസ്പെക്ടർ ബിനുകുമാർ സി ചുമതലയേറ്റു.

"പോലീസ് സംവിധാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട കണ്ണിയാണ് എസ് എച്ച് ഒ. പരാതികൾ നിയമപരമായി സ്വീകരിക്കാനും കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യാനും അധികാരപ്പെട്ട ഉദ്യോഗസ്ഥനാണ് എസ് എച്ച് ഒ. ആ ചുമതലയിൽ കൂടുതൽ അനുഭവപരിചയമുള്ള മുതിർന്ന ഉദ്യോഗസ്ഥർ വരുമ്പോൾ ജനങ്ങൾക്ക് നൽകുന്ന സേവനം കൂടുതൽ മെച്ചപ്പെടുത്താനാകും" - ചടങ്ങിൽ സംസാരിക്കവേ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ പറഞ്ഞു.

"" കുറ്റാന്വേഷണത്തിന് പ്രത്യേക സംവിധാനം വരുന്നതോടെ കൂടുതൽ മികച്ചരീതിയിൽ അന്വേഷണം നടത്താൻ കഴിയും. ആ നിലയ്ക്ക് ഏറ്റവും ചരിത്രപ്രാധാന്യമുള്ള ഒന്നാണ് ഈ പരിഷ്കാരമെന്നും അദ്ദേഹം പറഞ്ഞു.

ഇതോടെ 203 സ്റ്റേഷനുകളിൽ ( നേരത്തെ ഇൻസ്പെക്ടർമാർ എസ് എച്ച് ഒ മാരായി ഉണ്ടായിരുന്ന ഏഴു സ്റ്റേഷനുകൾ ഉൾപ്പെടെ ) ഇൻസ്പെക്ടർമാർ എസ് എച്ച് ഒ മാരായ സ്റ്റേഷനുകൾ നിലവിൽ വന്നു. ഇവരുടെ കീഴിൽ ക്രമസമാധാനപാലനവും കുറ്റാന്വേഷണ ചുമതലകളുമുള്ള രണ്ട് എസ് ഐ മാർ ഉണ്ടാകും.

ഐ ജി മനോജ് എബ്രഹാം, കമ്മീഷണർ പി പ്രകാശ് മറ്റ് ഉന്നത പോലീസ് ഉദ്യോഗസ്ഥർ, ജനമൈത്രി ഭാരവാഹികൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഇൻസ്പെക്ടർമാർ എസ് എച്ച് ഒ മാരുടെ ചുമതലയേൽക്കൽ ചടങ്ങിന് എ ഡി ജി പി മാർ, ഐ ജി മാർ, ജില്ലാ പോലീസ് മേധാവിമാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

********